വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾ

84 [395] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *കെ. എ. ചന്ദ്രൻ:*
,, *ടി. വി. ചന്ദ്രമോഹൻ:*
,, *വി. ഡി. സതീശൻ:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഡാം സൈറ്റുകളിൽ വിനോദസഞ്ചാര വികസനത്തിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) കൂടുതൽ ഡാം സൈറ്റുകളിൽ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഏതെല്ലാം ഡാം സൈറ്റുകളാണ് വിനോദസഞ്ചാര വികസന കേന്ദ്രങ്ങളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാർ ഡാം, തെന്മല ഡാം, മാട്ടുപ്പെട്ടി ഡാം, പീച്ചി ഡാം, മലമ്പുഴ ഡാം, കാഞ്ഞിരപ്പുഴ ഡാം എന്നീ ഡാം സൈറ്റുകളിൽ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) & (സി) ഉണ്ട്. ഡാം സൈറ്റുകളിൽ സൗന്ദര്യവൽക്കരണവും സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ ടൂറിസം വകുപ്പിന് ഉദ്ദേശ്യമുണ്ട്. ഭൂതത്താൻകെട്ട്, പോത്തുണ്ടി, മംഗലം, കക്കയം, തുമ്പൂർമുഴി, അരുവിക്കര, വാഴാനി, കുണ്ടള, മലങ്കര തുടങ്ങിയ ഡാം സൈറ്റുകളിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പോത്തുണ്ടി ഡാം വികസനത്തിന് 31.6 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ പരിഗണിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ

85 [396] *ശ്രീമതി ശോഭനാ ജോർജ്:*
ശ്രീ. ജോർജ് ജെ. മാത്യു:
,, *ടി. എൻ. പ്രതാപൻ:*
,, *ബി. വിജയകുമാർ:*
,, *ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി. എസ്. സി.-ക്കു വിടാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യ മെന്തെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബോർഡിലെ നിയമനങ്ങൾ പി. എസ്. സി. ക്കു വിടുമ്പോൾ അതിലെ നിയമനങ്ങൾക്ക് എല്ലാ സമുദായത്തിലും പെട്ടവർക്ക് അപേക്ഷിക്കുവാനും നിയമനം ലഭിക്കുവാനുമുള്ള അർഹതയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരു ഹിന്ദുമത ധർമ്മ സ്ഥാപനമാകയാൽ ഇതിലെ നിയമനങ്ങൾ പ്രധാനമായും ക്ഷേത്രങ്ങളും ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടതും ഭൂരിപക്ഷ ഉദ്യോഗസ്ഥരും ഇത്തരം ചടങ്ങുകൾക്ക് നേതൃത്വപരമായ പങ്കു വഹിക്കുന്നവരുമാണ്. ആരാധനയുടേയും വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ദേവസ്വം ബോർഡ് ഉദ്യോഗസ്ഥ നിയമനങ്ങൾ ഹിന്ദുക്കൾക്കും ക്ഷേത്രവിശ്വാസി കൾക്കും മാത്രമായി പരിമിതിപ്പെടുത്തിയിരിക്കുന്നതുമാകുന്നു. ദേവസ്വം ബോർഡ് നിയമനങ്ങൾ പി. എസ്. സി.-ക്കു വിടുന്നതിന് ഗവൺമെന്റ് ഇപ്പോൾ തീരുമാനമെ ടുത്തിട്ടില്ല.

ശബരിമലയുടെ വികസനം

86 [397] *ശ്രീ. റോഷി അഗസ്റ്റിൻ:*
" *തോമസ് ചാഴികാടൻ:*
" *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസനത്തിന് സർക്കാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയി ട്ടുണ്ടോ;

(ബി) എങ്കിൽ മാസ്റ്റർ പ്ലാൻ പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനോടകം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ആദ്യഘട്ട വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും അത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ;

(ഡി) ശബരിമലയിലെ മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതി തയ്യാറാ ക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി അത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly